**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 449** **09-08-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതിയിലൂടെ സംസ്ഥാനത്ത് ഏറ്റവും അധികം രോഗികൾക്ക് സേവനം നൽകിയ ആശുപത്രി ഏതാണെന്ന് വ്യക്തമാക്കാമോ; രോഗികളുടെ എണ്ണം, ആശുപത്രികൾക്ക് അനുവദിച്ച തുക എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | മെഡിസെപ്പ് പദ്ധതിയിലൂടെ സംസ്ഥാനത്ത് ഏറ്റവും അധികം രോഗികൾക്ക് സേവനം നൽകിയ ആശുപത്രി Amala Institute of Medical Sciences ആണ്. 9,734 രോഗികൾക്ക് 27,75,79,171/- രൂപ ഇൻഷുറൻസ് ക്ലെയിം ഇനത്തിൽ അനുവദിച്ചിട്ടു**ള്ളതായി ഇൻഷുറൻസ് കമ്പനി ലഭ്യമാക്കിയ വിവരം മെഡിസെപ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.** |
| (ബി) | ഇൻഷുറൻസ് ഏജൻസി ഏതൊക്കെ ആശുപത്രികൾക്കാണ് ക്ലെയിം കുടിശ്ശിക നൽകാനുള്ളതെന്നും എത്ര തുക വീതമാണെന്നും വ്യക്തമാക്കാമോ; | (ബി) | ഇൻഷുറൻസ് ഏജൻസി ഏതൊക്കെ ആശുപത്രികൾക്കാണ് ക്ലെയിം കുടിശ്ശിക നൽകാനുള്ളതെന്നും എത്ര തുക വീതമാണെന്നുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കോർപ്പസ് ഫണ്ടിൽ ഈ ഇനത്തിൽ വകയിരുത്തിയിരുന്ന തുക എത്രയാണെന്ന് അറിയിക്കാമോ; ഇപ്പോൾ അവശേഷിക്കുന്നത് എത്ര തുകയാണെന്ന് വ്യക്തമാക്കാമോ; | (സി) | **അവയവമാറ്റ ശസ്ത്രക്രിയകൾക്കായി മെഡിസെപ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ 3 വർഷത്തെ പദ്ധതി കാലയളവിലേയ്ക്കായി അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകി ഇൻഷ്വറൻസ് കമ്പനി മാറ്റിവയ്ച്ച 35 കോടി രൂപ വിനിയോഗിച്ച് തീർന്നതിന് കാരണമായ മുട്ടുമാറ്റി വയ്ക്കൽ, ഇടുപ്പെല്ല് മാറ്റി വയ്ക്കൽ ശസ്ത്രക്രിയകൾ കമ്പനിയും സർക്കാരുമായി കൈക്കൊണ്ട ധാരണ പ്രകാരം സർക്കാർ ആശുപത്രികളിൽ മാത്രമായി നിജപ്പെടുത്തുവാനും മറ്റ് അവയവമാറ്റ ശസ്ത്രക്രിയകൾ എംപാനൽ ചെയ്ത ആശുപത്രികളിൽ പഴയതുപോലെ തുടരുവാനും തീരുമാനമായിട്ടുണ്ട്.** |
| (ഡി) | കോർപ്പസ് ഫണ്ട് പൂർണ്ണമായും ചെലവഴിച്ചെങ്കിൽ ഗുരുതര രോഗ ചികിത്സയ്ക്ക് മെഡിസെപ്പ് പദ്ധതി എങ്ങനെ സാധ്യമാക്കുമെന്ന് അറിയിക്കാമോ; | (ഡി) | **അവയവമാറ്റ ശസ്ത്രക്രിയകൾക്കായി മെഡിസെപ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ 3 വർഷത്തെ പദ്ധതി കാലയളവിലേയ്ക്കായി അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകി ഇൻഷ്വറൻസ് കമ്പനി മാറ്റിവയ്ച്ച 35 കോടി രൂപ വിനിയോഗിച്ച് തീർന്നതിന് കാരണമായ മുട്ടുമാറ്റി വയ്ക്കൽ, ഇടുപ്പെല്ല് മാറ്റി വയ്ക്കൽ ശസ്ത്രക്രിയകൾ** |

| | | | |
|---|---|---|---|
| | | | **കമ്പനിയും സർക്കാരുമായി കൈക്കൊണ്ട ധാരണ പ്രകാരം സർക്കാർ ആശുപത്രികളിൽ മാത്രമായി നിജപ്പെടുത്തുവാനും മറ്റ് അവയവമാറ്റ ശസ്ത്രക്രിയകൾ എംപാനൽ ചെയ്ത ആശുപത്രികളിൽ പഴയതുപോലെ തുടരുവാനും തീരുമാനമായിട്ടുണ്ട്.** |
| (ഇ) | ഗുരുതര രോഗ ചികിത്സക്ക് കോർപ്പസ് ഫണ്ടിനായി ഇപ്പോൾ എത്ര അപേക്ഷകൾ ധനകാര്യ മെഡിസെപ്പ് വിഭാഗത്തിൽ അംഗീകാരത്തിനായി അവശേഷിക്കുന്നുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ? | (ഇ) | ഗുരുതര രോഗങ്ങൾക്ക് കോർപ്പസ് ഫണ്ടിൽ നിന്നുള്ള ചികിത്സയ്ക്ക് ധനകാര്യ മെഡിസെപ് വിഭാഗത്തിന്റെ അംഗീകാരം ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ